"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മുവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ജോസ് അഗസ്റ്റ്യനെതിരെ ശ്രീ.സെയ്തു മുഹമ്മദ് സമർപ്പിച്ച പരാതി - 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2572/2023/LSGD തീയതി,തിരുവനന്തപുരം, 26-12-2023

---

പരാമർശം:-

1. ശ്രീ.സെയ്തു മുഹമ്മദ് 23.05.2023 തീയതിയിൽ സമർപ്പിച്ച പരാതി.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 16.10.2023 ലെ LSGD/PD/48989/2023-GEB2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ജോസ് അഗസ്റ്റ്യനെതിരെ, സർക്കാർ വാഹനം ദുരുപയോഗം ചെയ്തതായി ആരോപിച്ച് ,തൊടുപുഴ താലൂക്കിൽ തൊടുപുഴ വില്ലേജിൽ ശ്രീ.സെയ്തു മുഹമ്മദ് പരാമർ ശം (1) പ്രകാരം പരാതി സമർപ്പിച്ചിരുന്നു. പരാതിയിന്മേൽ പരാമർ ശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി പരാതിയ്ക്ക് ആധാരമായ വിഷയം സംബന്ധിച്ച പരിശോധനയിൽ വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ ക്രമപ്രകാരമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും ഓരോ യാത്രയും ആരംഭിച്ച സ്ഥലം, അവസാനിച്ച സ്ഥലം, സഞ്ചരിച്ച ദൂരം, ആരംഭിച്ചതും അവസാനിച്ചതുമായ റീഡിംഗുകൾ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നതിന് പകരം ഒരു ദിവസത്തെ മുഴുവൻ റീഡിങ്ങും ഒറ്റ യാത്രയായി ഒരു entry മാത്രമാണ് ലോഗ് ബുക്കിൽ ഉള്ളത് എന്നും പ്രസിഡന്റിന്റെ വീട്ടിൽ വാഹനം സൂക്ഷിച്ചത് വാഹനത്തിന്റെ ദുരുപയോഗമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച മേൽ സാഹചര്യത്തിൽ ഈ വിഷയം,1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ്271ജെ പ്രകാരം, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SNEHALATHA K
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ,സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ[LSGD-EM2/102/2023-LSGD].

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.

Signed by
Vijayakumar.d
Date: 29-12-2023 11:38:45